**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**പത്രക്കുറിപ്പ്**

**ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ 2025**

**ഓൺലൈൻ അപേക്ഷ ക്ഷണിച്ചു**

കേരളത്തിലെ വിവിധ സർക്കാർ /സ്വകാര്യ ഫാർമസി കോളേജുകളിലെ 2025-26 അദ്ധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ലാറ്ററൽ എൻട്രി മുഖേന ബി.ഫാം കോഴ്സിനു പ്രവേശനം ആഗ്രഹിക്കുന്നവർ 23.11.2025-ന് പ്രവേശന പരീക്ഷാ കമ്മീഷണർ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയിൽ യോഗ്യത നേടേണ്ടതാണ്. ബി.ഫാം (ലാറ്ററൽ എൻട്രി) 2025-ലേക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഫോട്ടോ, ഒപ്പ്, പത്താം തരം സർട്ടിഫിക്കറ്റ് എന്നിവ അപ്‌ലോഡ് ചെയ്ത് 15.11.2025 വൈകുന്നേരം 4.00 മണിയ്ക്ക് മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യാൻ 20.11.2025 വരെ വെബ്സൈറ്റിൽ സൗകര്യം ലഭ്യമായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് വെബ്സൈറ്റിൽ ലഭ്യമായ 2025-ലെ ബി.ഫാം (ലാറ്ററൽ എൻട്രി) പ്രോസ്പെക്ടസ് വായിച്ചു മനസ്സിലാക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

Signed by
Arun S Nair
Date: 10-11-2025 17:06:12
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
10-11-2025